# ആർ. രാമചന്ദ്രൻ ചിരിക്കുന്നു

എം. എൻ. കാരശ്ശേരി



ആർ. രാമചന്ദ്രൻ ചിരിക്കുന്നു

എം. എൻ. കാരശ്ശേരി
(മലയാളം: ലേഖനം)

© 2023, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

A Peach and Grapes on a Ledge, a painting by Jacob van Walscapelle (1644–1727). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ആർ. രാമചന്ദ്രൻ ചിരിക്കുന്നു

കേരളത്തിൽ അവാർഡ്, വിശേഷിച്ച് സാഹിത്യ പുരസ്കാരം, വാർത്തയല്ലാതായിട്ട് എത്രയോ വർഷമായി. നിത്യവും ആർക്കെങ്കിലും എന്തിനെങ്കിലും അവാർഡ് കിട്ടുന്നത് പതിവുചടങ്ങായിട്ട് കൊല്ലം പലതായല്ലോ. എന്നാൽ ഇത്തവണ (2001) കേന്ദ്ര സാഹിത്യ അക്കാദമി മലയാളത്തിൽനിന്ന് അവാർഡിന് തെരഞ്ഞെടുത്ത 'ആർ. രാമചന്ദ്രന്റെ കവിതകൾ' എന്ന പുസ്തകം പലതു കൊണ്ടും കൗതുകമായി. പത്രവായനക്കാരായ സാധാരണക്കാർ ആർ. രാമചന്ദ്രൻ എന്നൊരു കവിയെ കേട്ടിട്ടുണ്ടോ എന്ന് സംശയമാണ്. ഇതിനു മുമ്പ് ഒരു അവാർഡുവാർത്തയിലൂടെയും അവർ അദ്ദേഹത്തെ പരിചയപ്പെട്ടിരിക്കാനിടയില്ല. സപ്തതി കഴിഞ്ഞ കവിക്ക് ഇതാദ്യമായാണ് ഒരവാർഡ്. സൂക്ഷ്മസംവേദനശീലരായ കവിതാസ്വാദകർ തന്നെയും ആ പേര് മറന്നു തുടങ്ങുകയായിരുന്നു. രാമചന്ദ്രൻമാസ്റ്റർ കാര്യമായി എന്തെങ്കിലും എഴുതിയിട്ട് രണ്ട് പതിറ്റാണ്ടായി!

ഏതെങ്കിലും സർക്കാരിന്റെയോ, മുന്നണിയുടെയോ, രാഷ്ട്രീയക്കളിയുടെയോ മതസംഘടനയുടെയോ, ജാതിക്ലിക്കിന്റെയോ, സാഹിത്യസംഘത്തിന്റെയോ പിൻബലം നാളിതുവരെ ഈ എഴുത്തുകാരന് ഉണ്ടായിട്ടില്ല; വലുതോ ചെറുതോ ആയ എന്തെങ്കിലും പരസ്യത്തിന്റെ വെള്ളിവെളിച്ചത്തിൽ അദ്ദേഹം നിന്നിട്ടില്ല—അദ്ദേഹം ഇതൊന്നും ഒരിക്കലും ആഗ്രഹിച്ചിട്ടില്ല. കാരണം ലളിതമാണ്: ആ വ്യക്തിത്വത്തിന്റെ വിശേഷം ആഗ്രഹങ്ങളിൽ നിന്ന് പിന്നെപ്പിന്നെ മുക്തി പ്രാപിക്കുക എന്നതാണ്. ഐഹികമായ കമ്പങ്ങളിൽനിന്നു വിടുതൽ നേടി ആത്മീയമായ അന്വേഷണങ്ങളുടെ വഴി തേടുന്ന കവിയാണദ്ദേഹം. പണ്ഡിതനും എഴുത്തുകാരനുമായ രാമചന്ദ്രൻ മാസ്റ്റർ അധ്യാപനത്തിലൂടെയും കവിതാരചനയിലൂടെയും ജീവിതത്തിന്റെ പൊരുൾ അന്വേഷിക്കുകയാണ്. സൂഫി കവികളോടാണ് അദ്ദേഹത്തിന് രക്തബന്ധം.

ആഡംബരങ്ങളും അലങ്കാരങ്ങളും കെട്ടിക്കാഴ്ചകളും പരിചയമില്ലാത്ത ആ വ്യക്തിജീവിതത്തിന് തീർത്തും ഇണങ്ങുന്ന മട്ടിൽ കവിതയെഴുതി, അപൂർവ്വമായി ഗദ്യലേഖനങ്ങളെഴുതി.

മലയാളത്തിന്റെ ആധുനികതാ പ്രസ്ഥാനം തെഴുത്ത എഴുപതുകളിലും എൺപതുകളിലുമാണ് രാമചന്ദ്രൻമാസ്റ്റർ അധികവും എഴുതിയത്. അന്നത്തെ പതിവുകളിൽനിന്ന് പലതുകൊണ്ടും ആ കവിത വേറിട്ടു നിന്നു. ഏകാന്തതയും ശോകാകുലതയും ആ രചനകളിൽ മറ്റു പല ആധുനികരിലും എന്ന പോലെ പുസ്തകലബ്ധമായ അറിവ് ആയിരുന്നില്ല, നരജീവിതമായ വേദനയുടെ അനുഭൂതി തന്നെയായിരുന്നു. ജീവിതം മനുഷ്യജീവികൾക്കുമേൽ കെട്ടിയേൽപ്പിക്കുന്ന അസ്തിത്വ ദുഃഖത്തിന്റെ നീലിമ എണ്ണവും വണ്ണവും കുറഞ്ഞ രാമചന്ദ്രൻ കവിതകളിൽ പടർന്നു കിടപ്പുണ്ട്. 'അജന്ത' എന്ന രചനയിൽ തൃഷ്ണയുടെ ഉള്ളുപൊള്ളയായ അസംബന്ധത ശ്രീബുദ്ധന്റെ ഗൂഢസ്മിതത്തിൽ ചാലിച്ചെഴുതിയത് ഒരുദാഹരണം മാത്രം. വിരക്തിയുടെ ദർശനം സ്നേഹത്തിന്റെ പശിമയോടെ അടയാളപ്പെടുത്തുവാൻ ഈ കവി ആളായി. സ്നേഹത്തിൽ നിന്നാണ് അദ്ദേഹം വിരക്തിയിലെത്തിയത്. വിരക്തിയിൽനിന്നാണ് അദ്ദേഹം സ്നേഹത്തിലെത്തിയത്. രണ്ടിന്റെയും അടിയൊഴുക്കാവട്ടെ, ശോകമാണുതാനും. കുമാരനാശാനിൽ കണ്ട ആ ബൗദ്ധദർശനസ്വാധീനം ഈ കാലയളവിൽ മറ്റൊരു മലയാള കവിയിലും നാം കാണുന്നില്ല.

ആധുനികതയുടെ ഫാഷൻ പോയ് മറഞ്ഞിട്ടും രാമചന്ദ്രൻ കവിതകൾ ബാക്കിയായത് സ്വന്തം ദർശനത്തിന്റെ സത്യസന്ധത കൊണ്ടാണ്. അവനവനെ എഴുതുന്നതാണ് എഴുത്ത് എന്ന ആത്മാർത്ഥതയുടെ സാക്ഷാൽക്കാരം ആത്മീയതയുടെ സൗരഭ്യം വഴിയുന്ന ആ രചനകളിൽ അനുഭവിച്ചറിയാം. ഭോഗത്തിന്റെ അനേകം പതിറ്റാണ്ടുകളിൽ ന്യാസത്തിന്റെ കവിയായി അദ്ദേഹം നിന്നു; ഇപ്പോഴും നിൽക്കുന്നു—തൃഷ്ണകൾക്ക് നേരെയുള്ള ആ ഇളം പുഞ്ചിരി മങ്ങുന്നേയില്ല.

ഈ അവാർഡുവാർത്തയിൽ രാമചന്ദ്രൻമാസ്റ്റർക്ക് വല്ല സന്തോഷവും തോന്നുന്നുണ്ടെങ്കിൽ, അത് ശിഷ്യൻമാർക്കും സുഹൃത്തുക്കൾക്കും ഇത് സന്തോഷം നൽകുമെന്ന ഒറ്റക്കാര്യം കൊണ്ടായിരിക്കും. അങ്ങനെ അവർക്ക് സന്തോഷം കൊടുക്കാനായല്ലോ എന്ന് അദ്ദേഹം ആനന്ദിക്കുമായിരിക്കും. പിന്നെ, ഇത്ര ചെറിയ കാര്യത്തിൽ തന്റെ ശിഷ്യന്മാരും സുഹൃത്തുക്കളും ആനന്ദിക്കുന്നുവല്ലോ എന്ന് അദ്ദേഹം വാത്സല്യപൂർവം കൗതുകം കൊണ്ടേക്കും. അതും കഴിഞ്ഞു് ഈ ബാലിശതക്ക് താൻ നിന്നു കൊടുക്കുന്നുവല്ലോ എന്ന് മൂപ്പർ സ്വയം കഷ്ടംവെച്ചു നിന്നേക്കും.

കവിത 'കൈകാര്യം ചെയ്യുന്ന' നമ്മുടെ ഇമ്മാതിരി നാട്ടുനടപ്പുകളോർത്ത് ഈ നേരത്ത് രാമചന്ദ്രൻമാസ്റ്റർ ചിരിക്കുകയാവാം. സ്നേഹം ചൊരിയുന്ന, ഒച്ചയില്ലാത്ത ആ പതിവ് ചിരി. അതിസൂക്ഷ്മമായ ബിംബങ്ങളുടെ കാല്പനികചാരുതയും അത്യഗാധമായ ശോകത്തിന്റെ ദാർശനികമഹിമയും തികഞ്ഞ ആ കവിതയിലേക്കു മലയാളികളുടെ ശ്രദ്ധ തിരിച്ചുവിടാൻ ഈ വാർത്തക്ക് സാധിച്ചേക്കും. അത് തീർച്ചയായും നല്ല കാര്യമാണ്; വലിയ കാര്യമാണ്.

ഞാൻ രാമചന്ദ്രൻ മാസ്റ്ററെ അനുമോദിക്കുന്നില്ല; പകരം കേന്ദ്രസാഹിത്യ അക്കാദമിയെ അനുമോദിക്കുന്നു. അവരാണല്ലോ ഈ അവാർഡ് പ്രഖ്യാപനം വഴി ബഹുമതി നേടിയത്.

മലയാളം ന്യൂസ്: 4 ജനുവരി 2001.

□

# എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്‌യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണു് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളതു്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണു്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണു്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണു്. അവ സായാഹ്നപ്രവർത്തകർക്കു് കൂടുതൽ ഉത്തേജനം നൽകുന്നതാണു്.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014